13-11-2021

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram – 695003,

Website: fibkerala.gov.in E-mail:piofibtvm@gmail.com Telephone: 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -13/11/2021

1. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ സ്റ്റാളുകളിൽ ഈ മാസം 19 (19/11/2021) വരെ പച്ചക്കറികൾ പൊതു വിപണിയേക്കാൾ 25% വരെ വിലക്കുറവിൽ ലഭ്യമാകും. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ വേങ്ങേരി, ചേവരമ്പലം, കക്കോടി, എലതതൂർ അത്തോളി, പൂക്കാട്, കൊയിലാണ്ടി, തോടന്നൂർ, വില്യാപ്പള്ളി, ആയഞ്ചേരി, ഓർക്കാട്ടേരി, തണ്ണീർപന്തൽ, മൊകേരി സ്റ്റാളുകളിൽ ഈ ആനുകൂല്യം ലഭ്യമാകുന്നതാണെന്ന് ഹോർട്ടികോർപ്പ് ജില്ലാ മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **8075204894, 8714144834** എന്നീ കസ്റ്റമർ കെയർ നമ്പറുമായി ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിൽ ബട്ടൺ മഷ്റൂം വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. 300 ഗ്രാം പാക്കറ്റിനു 90 രൂപയാണ് വില. ആവശ്യമുള്ളവർക്ക് **9400483754** എന്ന ഫോൺ നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

3. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ 7 പശുക്കളെയും 2 ആടുകളെയും ഫാം ഓഫീസ് പരിസരത്ത് വച്ച് ഈ മാസം 16 ന് (16.11.2021) 11 മണിയ്ക്ക് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് അന്നേദിവസം 11 മണിയ്ക്ക് മുൻപായി 4000/- രൂപ നിരതദ്രവ്യമടച്ച് ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ഓഫീസിൽ നേരിട്ടോ 9745545344 എന്ന ഫോൺ നമ്പരിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാനകേന്ദ്രത്തിൽ രണ്ടു മാസം പ്രായമായ അത്യുൽപാദന ശേഷിയുള്ള ബി. വി. 380 ഇനത്തിൽപ്പെട്ട മുട്ട കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9400483754 എന്ന നമ്പരിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കോഴികുഞ്ഞുങ്ങളെ ആവശ്യമുള്ളവർക്ക് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 3 മണി വരെ ബുക്ക് ചെയ്യാവുന്നതാണ്. ഒരു ദിവസം പ്രായമായ കുഞ്ഞിന് 10 രൂപ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് **0471 2730804** എന്ന നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

6. കാർഷികമേഖലയിലെ സംരംഭകർക്ക് ദിശാബോധം നൽകുന്നതിനും ആസൂത്രണം, നിർവ്വഹണം, വിപണനം, എന്നിങ്ങനെ സംരംഭകത്വത്തിന്റെ പ്രാഥമിക പാഠങ്ങൾ സ്വായത്തമാക്കുന്നതിനുമുള്ള പാഠശാല- (**ഫാംബിസിനസ്സ്സ്കൂൾ**) കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെ കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നു. പുതിയ സാങ്കേതികവിദ്യകളും ആധുനിക ബിസിനസ്സ് മാനേജ്മന്റ് സങ്കേതങ്ങളും ഉപയോഗിച്ചു ലാഭകരമായ രീതിയിൽ കാർഷികാധിഷ്ഠിത ചെറുകിട സംരംഭങ്ങൾ നടത്താൻ കഴിയുന്ന സംരംഭകരെ വളർത്തിയെടുക്കുകയെന്നതാണ് ഈ പാഠശാലയുടെ ലക്ഷ്യം. കോവിഡിന്റെ പശ്ചാത്തലത്തിൽ ആറുദിവസത്തെ ഓൺലൈൻ പരിശീലന പരിപാടിയായിട്ടാണ് ഫാംബിസിനസ്സ് സ്കൂൾ നടത്തുക. കൂടാതെ രണ്ടു ദിവസത്തെ പ്രാക്ടിക്കൽ ക്ലാസുകൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ഓരോ ബാച്ചിലും 20 സംരംഭകർക്കാണ് പരിശീലനം നൽകുന്നത്. ഫാംബിസിനസ്സ് സ്കൂളിന്റെ മൂന്നാമത്തെ ബാച്ച് ഈ മാസം 22 (നവംബർ 22) മുതൽ ആരംഭിക്കുന്നതാണ്. അപേക്ഷകർക്ക് വേണ്ട കുറഞ്ഞ വിദ്യാഭ്യാസയോഗ്യത ഹയർസെക്കറിയാണ്. താൽപര്യമുള്ളവർ ഈ മാസം 15 (നവംബർ 15)നകം അപേക്ഷകൾ നൽകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kau.in /www.cti.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ cti@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ **0487-2371104** എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക . തപാൽ വഴി ബന്ധപ്പെടേണ്ട വിലാസം ഇനി പറയുന്നു. പ്രൊഫസർ&ഹെഡ്, സെൻട്രൽ ട്രെയിനിംഗ് ഇന്സ്റ്റിറ്റ്യൂട്ട്, വിജ്ഞാന വ്യാപന ഡറക്ടറേറ്റ്, മണ്ണുത്തി പി.ഒ., തൃശൂർ - 680651.

7. ഹോർട്ടി കോർപ്പിന്റെ ആഭിമുഖ്യത്തിൽ കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് ഈ മാസം 15,16 (നവംബർ 15,16) തീയതികളിൽ **തേനീച്ചവളർത്തൽ** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ സൗജന്യപരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുന്ന താൽപര്യമുള്ള കർഷകർക്ക്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

രണ്ടു ദിവസത്തെ തുടർ ഫീൽഡ്തല പരിശീലനവും, 3 ദിവസത്തെ തേനധിഷ്ഠിത ഉൽപന്ന നിർമ്മാണ പരിശീലനവും, ഖാദി ബോർഡിൽ നിന്നും സംരംഭകത്വ സബ്സിഡിയും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447970373** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ കർഷകർക്കായി കൃഷിവകുപ്പിന് കീഴിലുള്ള കഴക്കൂട്ടം ആർ.എ.റ്റി.റ്റി.സി-യിൽ വച്ച് ഈ മാസം 22,23 (നവംബർ 22,23) തീയതികളിൽ **കൂൺകൃഷി** എന്ന വിഷയത്തിലും 24,25 (നവംബർ 24,25) തീയതികളിൽ **കാർഷിക യന്ത്രവത്ക്കരണം** എന്ന വിഷയത്തിലും പരിശീലന പരിപാടി നടത്തുന്നു. താൽപ്പര്യമുള്ളവൽ ഈ മാസം 15-ന് മുമ്പായി **9497360649, 9447551954** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 15 പേർക്കായിരിക്കും പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയാടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ കർഷർക്കായി ഈ മാസം 18, 19 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ, 22-ന് കാടവളർത്തൽ 24,25** തീയതികളിൽ **ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ 0479 2457778 എന്ന നമ്പരിൽ ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യേണ്ടതാണ്. രണ്ട് ഡോസ് കോവിഡ് വാക്സിൻ എടുത്ത സർട്ടിഫിക്കറ്റ് പരിശീലനസമയത്ത് ഹാജരാക്കേണ്ടതാണ്.

10. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിനെ ബാധിക്കുന്ന രോഗങ്ങളുടെയും കീടങ്ങളുടെയും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് നവംബർ 15ന് പരിശീലനം നൽകുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പറിലോ 7994650941 എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം. ഇ മെയിൽ: training@rubberboard.org.in